©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-2023)

## പത്താമത് റിപ്പോർട്ട്

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2011-2014)യുടെ പതിനെട്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പത്താമത് റിപ്പോർട്ട്

(2021 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-2014)യുടെ പതിനെട്ടാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

# ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | : | 40 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (മലപ്പുറം, വയനാട് ജില്ലയിലെ നഗരസഭകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജൂലൈ മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2021 ആഗസ്റ്റ് 10.

# റിപ്പോർട്ട്

## അദ്ധ്യായം I

## 1.1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2011-2014)യുടെ 18-ാമത് റിപ്പോർട്ടിലെ (മലപ്പുറം, വയനാട് ജില്ലയിലെ നഗരസഭകളെ സംബന്ധിച്ചത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 18-ാമത് റിപ്പോർട്ട് 2013 ഏപ്രിൽ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 41 ശിപാർശകളാണുള്ളത്. റിപ്പോർട്ടിലെ ശിപാർശ ഖണ്ഡിക 11, 36 എന്നിവ ഒഴികെ മറ്റെല്ലാ ശിപാർശകളിന്മേലും മറുപടി ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിസ്റ്റേറ്റ്മെന്റുകൾ, ഇവയിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനക്കുറിപ്പ് എന്നിവ 30-5-2018 തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും, ശിപാർശ ഖണ്ഡികകൾ 34, 35, 82, 96, 113, 115 എന്നിവയിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ച് സമിതി അധിക വിവരം ആരായുകയും 78-ന്മേൽ തുടർശിപാർശ നൽകുകയും ചെയ്തു. സമിതി ആരാഞ്ഞ അധിക വിവരം സംബന്ധിച്ച മറുപടി നാളിതുവരെ സർക്കാർ ലഭ്യമാക്കിയിട്ടില്ല.

1.3 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശകളിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്, സമിതി ആരാഞ്ഞ അധികവിവരം, അധികവിവരത്തിന്മേൽ ലഭ്യമായ മറുപടി, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്നു സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശയിന്മേൽ നാളിതുവരെ സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

2013-ൽ സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടിലെ അവശേഷിക്കുന്ന ശിപാർശകളിൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിനാൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

## അദ്ധ്യായം II

# സമിതിയുടെ ശിപാർശകളും, സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശകളും

ഖണ്ഡിക 34, 35

**ശിപാർശ**

2.1.1 സമിതി ആവശ്യപ്പെട്ടതനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തിയ പുനഃപരിശോധനയിൽ ചെമ്പൻകുന്ന് റോഡ് ടാറിംഗിന് കരാറുകാരന് രണ്ടു തവണ ടാർ നൽകിയത് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടതായി ഡയറക്ടർ റിപ്പോർട്ടു ചെയ്യുന്നു. രണ്ടാംതവണ ടാർ നൽകിയപ്പോൾ നഗരസഭയുടെ എഞ്ചിനീയറും ഓവർസീയറും പുതിയ വ്യക്തികളായിരുന്നുവെങ്കിലും രണ്ടുതവണ ടാർ വിതരണം ചെയ്തപ്പോഴും സെക്രട്ടറി ഒരാൾ തന്നെയായിരുന്നുവെന്നും ആദ്യം ടാർ വിതരണം ചെയ്തത് ഫയലിലും സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയിരുന്നതായും സമിതി നിരീക്ഷിക്കുന്നു. എഗ്രിമെന്റിനു മുമ്പുതന്നെ ആദ്യം ടാർ വിതരണം ചെയ്തതായും സമിതിയ്ക്ക് ബോധ്യമാകുന്നു. എഗ്രിമെന്റിനു മുമ്പ് ടാർ വിതരണം ചെയ്തതും ആയത് കണക്കിലെടുക്കാതെ രേഖകളുണ്ടായിട്ടും അവ പരിശോധിക്കാതെ രണ്ടാമതും ടാർ വിതരണം ചെയ്തതും ഗുരുതരമായ കൃത്യവിലോപമായി സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ, രണ്ടുതവണ ടാർ വിതരണം ചെയ്തപ്പോഴും നഗരസഭാ സെക്രട്ടറി ആയിരുന്ന ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ബോധപൂർവ്വമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. ഒരേ പ്രവൃത്തിക്ക് രണ്ടുതവണ ടാർ വാങ്ങുകയും ശ്രദ്ധയിൽവന്ന അവസരത്തിൽ വിശദീകരണമാരാഞ്ഞപ്പോൾ അക്കാര്യം നിഷേധിക്കുകയും ചെയ്ത കരാറുകാരന്റെ ഭാഗത്തുനിന്നും വിശ്വാസവഞ്ചന ഉണ്ടായതായും സമിതി കരുതുന്നു.

2.1.2 ആയതിനാൽ, ചെമ്പൻകുന്ന് റോഡ് ടാറിംഗിന് രണ്ടുപ്രാവശ്യം ടാർ നൽകിയതിലൂടെ നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഒരു തവണ അധികം ടാർ ലഭ്യമായതിന്റെ യഥാർത്ഥ ഗുണഭോക്താവ് കരാറുകാരനായതിനാൽ അദ്ദേഹത്തിൽ നിന്നും പ്രസ്തുത തുക പലിശസഹിതം ഈടാക്കുവാനാവശ്യമായ നടപടിക്ക് പ്രഥമ പരിഗണന നൽകണമെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല

നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കരാറുകാരനിൽനിന്നും തുക ഈടാക്കുവാൻ സാധിക്കാത്തപക്ഷം നഷ്ടം വരുത്തിയതിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും തുക ഈടാക്കുകയും വിശ്വാസവഞ്ചന കാട്ടിയ കരാറുകാരനെതിരെ നിയമപരമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.3 സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്തതു പ്രകാരം ശ്രീ. കെ. സി. ജോസഫ്, മുനിസിപ്പൽ സെക്രട്ടറി (റിട്ട.), ശ്രീ. ടി. എം. അപ്പു (മുനി. എഞ്ചിനീയർ റിട്ട.), ശ്രീ. വി. കെ. അബ്ദുൽ സലാം, അസി. എക്സി. എഞ്ചിനീയർ, ശ്രീമതി എസ്. സുലേഖ, പബ്ലിക് വർക്സ് ഓവർസീയർ ഗ്രേഡ് 2, ശ്രീ. എ. കെ. ഗോപി, പബ്ലിക് വർക്സ് ഓവർസീയർ ഗ്രേഡ് 1 എന്നിവർക്ക് 6-8-2011-ന് ആർ2-4715/2006 നമ്പർ നോട്ടീസ് പ്രകാരം നഗരസഭാ ഫണ്ടിനു വന്ന നഷ്ടം 1,04,550 രൂപ നഗരസഭാ ഫണ്ടിൽ അടവാക്കുന്നതിന് നോട്ടീസ് നൽകിയതിനെ തുടർന്ന് ശ്രീ. കെ. സി. ജോസഫ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി.സി. 22860/2011 ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ടി കേസിൽ നഗരസഭ 2012 ജനുവരി 2-ന് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് ടി കേസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുള്ളതും കേസ് കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് നടപടികൾ സ്വീരിക്കുന്നതിന് നഗരസഭാ അഭിഭാഷകന് 13-1-2014-ന് ജി2-4715/2006 നമ്പർ ഫയലിൽ കത്ത് നൽകിയിട്ടുള്ളതുമാണ്. ടി കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 24-8-2011-ലെ ഉത്തരവ് പ്രകാരം തുടർനടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ്.

ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കരാറുകാരൻ ശ്രീ.ഹംസയിൽ നഷ്ടം ഈടാക്കുന്നതിന് 18-6-2013-ന് രജിസ്റ്റേഡ് നോട്ടീസ് അയച്ചു. നോട്ടീസിന് മറുപടിയായി ശ്രീ.ഹംസ നോട്ടീസിലെ ആരോപണങ്ങൾ നിഷേധിച്ചുകൊണ്ട് വക്കീൽ മുഖാന്തിരം മറുപടി നൽകി മറുപടിയുടെ അടിസ്ഥാനത്തിൽ 26-7-2013-ന് ശ്രീ.ഹംസയെ നേരിൽ കേൾക്കാൻ തീരുമാനിക്കുകയും നേരിൽ കേട്ടതിൽ രണ്ട് തവണ ബിറ്റുമിൻ കൈപ്പറ്റി എന്ന ആരോപണം അദ്ദേഹം നിഷേധിക്കുകയും ചെയ്തു എങ്കിലും 2-5-2014-ന് നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം കരാറുകാരിൽ നിന്ന് ഈടാക്കുന്നതിന് ആർ.ആർ./2014/1549/10 നമ്പറായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

<u>വകുപ്പിന്റെ മറുപടി</u>:-

ഖണ്ഡിക 35-ൽ പരാമർശിക്കുന്ന ഓഡിറ്റിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന സമിതിയുടെ നിർദ്ദേശാനുസരണം, ഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

ഖണ്ഡിക 35-ൽ രണ്ട് തവണ ബിറ്റുമിൻ ഇഷ്യു ചെയ്ത സമയത്ത് ഓവർസിയറായ ശ്രീ. ജി. രവീന്ദ്രൻ നായർ മാത്രമാണ് ഇഷ്യു വിവരങ്ങൾ രജിസ്റ്ററിൽ ഒപ്പു വച്ചിട്ടുള്ളതെന്ന് പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറിയുടെ 29-4-2014-ലെ ജി2/4715/06 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഓഡിറ്റ് റിപ്പോർട്ടിന്റെ മറുപടിയിൽ ലഭ്യമാക്കിയിരുന്നത്. ടിയാൻ ഓവർസിയർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതിനാൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലാണ് വകുപ്പ് തലത്തിൽ നടപടിയെടുക്കേണ്ടത്. ആയതിനാൽ ഈ ഓഫീസിലെ 3-5-2014-ലെ എഫ്.2/9198/13(2) ന.കാ.വ. കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനായി അയച്ചിട്ടുള്ളതാണ്. ഈ ഓഫീസിലെ 16-1-2015-ലെ എഫ്2/9198/13(2) ന.കാ.വ. കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഓർമ്മക്കുറിപ്പ് കൂടി അയച്ചിട്ടുള്ളതാണ്.

<u>നഗരസഭയിൽ നിന്നും 22.12.14-ൽ ലഭ്യമാക്കിയ പുതുക്കിയ മറുപടി</u>

നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 19-8-2014-ന് നടന്ന പ്രാദേശിക പരിശോധനയിൽ ഭരണ വകുപ്പ് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടി ഫയലുകൾ പരിശോധിച്ചിട്ടുള്ളതും 26-8-2014 ഡി14-537/2014 നമ്പർ കത്ത് മുഖാന്തിരം ടി വിഷയവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും ടി കാലങ്ങളിൽ ജോലി ചെയ്ത ഉദ്യോഗസ്ഥരുടെ പേരുവിവരം നേരിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതും 23-9-2014-ലെ ജി2-4715/06 നമ്പർ കത്ത് മുഖാന്തിരം ടി വിവരങ്ങൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ളതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനക്കുറിപ്പ്</u>

2.1.4 ചെമ്പൻകുന്ന് റോഡ് ടാറിംഗിന് രണ്ടു പ്രാവശ്യം ടാർ നൽകിയത് വഴി നഗരസഭക്കുണ്ടായ നഷ്ടതുക നാളിതുവരെ തിരിച്ചടവാക്കിയിട്ടില്ല. ശ്രീ. കെ. സി. ജോസഫ്, മുനിസിപ്പൽ സെക്രട്ടറി (റിട്ട.), ശ്രീ. ടി. എം. അപ്പു, മുനിസിപ്പൽ എഞ്ചിനീയർ (റിട്ട.), ശ്രീ. വി. കെ. അബ്ദുൽ സലാം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീമതി എസ്. സുലേഖ (പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ്-2), ശ്രീ. എ. കെ. ഗോപി, പബ്ലിക് വർക്സ്

ഓവർസിയർ ഗ്രേഡ്-1 എന്നിവർക്ക് 6-8-2011-ന് നഗരസഭ പണം തിരിച്ചടവാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. ഇതിനെ തുടർന്ന് ശ്രീ. കെ സി. ജോസഫ്, ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി)22860/2011 നമ്പർ കേസ് ഫയൽ ചെയ്തു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് മാറ്റിയ പ്രസ്തുത കേസിൽ [OP (KAT) No. 11/2015 (Z)] 13-1-2015-ന് വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിൽ ഹർജിക്കാരന്റെ വാദമുഖങ്ങൾ നേരിൽ കേട്ട ശേഷം കേസിൽ തീർപ്പ് കൽപ്പിക്കണമെന്ന് കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ 28-2-2015-ന് ശ്രീ. കെ. സി. ജോസഫിനെ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ. കെ. സി. ജോസഫിന്റെ വാദമുഖങ്ങളിന്മേലുള്ള വിശദീകരണ റിപ്പോർട്ട് ലഭ്യമാക്കാൻ 26-5-2015-ലെ എഫ്.2-1670/15 നമ്പർ കത്തിൽ നഗരകാര്യ ഡയറക്ടർ നഗരസഭയോട് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ വിശദീകരണ റിപ്പോർട്ട് തയ്യാറാക്കി അയച്ചിട്ടില്ല.

ബഹു. നിയമസഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 18-6-2013-ന് കരാറുകാരനായ ശ്രീ. ഹംസക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസിന് മറുപടിയായി ശ്രീ. ഹംസ 26-7-2013-ന് രണ്ടു തവണ ബിറ്റുമിൻ കൈപ്പറ്റി എന്ന ആരോപണം നിഷേധിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇക്കാര്യം 25-7-2013-ന് നഗരസഭ മുമ്പാകെ മൊഴി നൽകുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ മേൽ സ്വീകരിച്ചിരുന്ന റവന്യൂ റിക്കവറി ശിപാർശ 20-1-2015-ലെ ഡി6-1867/15 നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ കളക്ടർ മടക്കിയിട്ടുണ്ട്. ശ്രീ. ഹംസ പെരിന്തൽമണ്ണ താലൂക്കിൽ താമസമില്ലെന്നും മണ്ണാർക്കാട് താലൂക്ക് പരിധിയിലെ തച്ചനാട്ടുകര വില്ലേജിൽ താമസക്കാരനാണ് എന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ കളക്ടർക്ക് 2-2-2015-ന് ജി2-4715/2006 നമ്പർ കത്ത് നൽകി എന്നല്ലാതെ മറ്റു തുടർനടപടികളൊന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

സർചാർജ്ജ് നടപടികളുടെ ഭാഗമായി ഈ കാര്യാലയത്തിലെ 12-5-2009-ലെ എൽ.എഫ്.എം.18/142/09 നമ്പർ കത്തിൽ ഖണ്ഡിക പ്രകാരമുള്ള നഷ്ടത്തിന് ഉത്തരവാദികളായി ശ്രീ. ടി. എം. അപ്പു, മുനിസിപ്പൽ എഞ്ചിനീയർ, ശ്രീ. പി. ഗോപി, പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് 2 എന്നിവരെ നിജപ്പെടുത്തി നഷ്ടം തുല്യമായി ചുമത്തി നൽകിയിട്ടുള്ള വിവരവും അറിയിക്കുന്നു.

**തുടർശിപാർശ**

2.1.5 **ചെമ്പൻകുന്ന് റോഡ് ടാറിംഗിന് ടാർ നൽകിയതുവഴി നഗര സഭയ്ക്കുണ്ടായ നഷ്ടതുക തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കുവാനും ശ്രീ. കെ. സി. ജോസഫ്, മുനിസിപ്പൽ സെക്രട്ടറി (റിട്ട.) ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 78

**ശിപാർശ**

2.2.1 നികുതികൾ കാലഹരണപ്പെട്ടു എന്ന വാദം സ്വീകാര്യമായ വിശദീകരണമായി സമിതി കരുതുന്നില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും അവശേഷിക്കുന്ന നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുകയും, പൊളിച്ചതും നിലവിലുള്ളതുമായ കെട്ടിടങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുകയും ചെയ്യണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടുവെങ്കിലും ഇക്കാര്യത്തിൽ യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെ പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ, സമിതി ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.2 <u>വകുപ്പിന്റെ മറുപടി:-</u>പൊളിച്ചതും നിലവിലുള്ളതുമായ കെട്ടിടങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരവും ഇപ്പോൾ സർവ്വീസിലുണ്ടോയെന്ന വിവരവും ലഭ്യമാക്കണമെന്നും, വളരെ വർഷങ്ങൾക്ക് മുമ്പുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു എന്ന നഗരസഭയുടെ മറുപടി നിയമസഭാ സമിതിക്ക് നൽകുവാൻ പര്യാപ്തമല്ലാത്തതിനാൽ കുടിശ്ശിക തുക പിരിച്ചെടുത്ത് നടപടി വിശദീകരണ പത്രിക അയച്ചു തരുവാൻ ഈ ഓഫീസിലെ 17-2-2014, 8-5-2014 എന്നീ തീയതികളിലെ എഫ്.2/9198/13(2) നമ്പർ കത്ത് പ്രകാരം മലപ്പുറം നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ നിന്നും ലഭ്യമാക്കിയ (30-12-2014-ന് ഇമെയിൽ മുഖേന) മറുപടി ചുവടെ ചേർക്കുന്നു:

മലപ്പുറം നഗരസഭ ഓഫീസിൽ ലഭ്യമായ രേഖകൾ പ്രകാരമാണ് വിവിധ കാലയളവിലെ റവന്യു ഇൻസ്പെക്ടർമാരുടെയും ബിൽ കളക്ടർമാരുടെയും ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ചില ജീവനക്കാരുടെ ഭാഗികമായ വിവരങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു ജീവനക്കാർ ഇപ്പോൾ സർവ്വീസിൽ ഉണ്ടോ എന്നും അവർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടോ എന്നും അറിയാൻ കഴിഞ്ഞിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

8-1-2015-ലെ ഡി1/9206/09 നമ്പർ കത്ത് പ്രകാരം മലപ്പുറം നഗരസഭാ സെക്രട്ടറിയുടെ മറുപടി:-വസ്തു നികുതി ഇനത്തിൽ 4,70,164 രൂപയിൽ 2,25,316 രൂപ പിരിച്ചെടുത്തിട്ടുണ്ട്. 4052 രൂപ നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞിട്ടുള്ളതാണ്. ബാക്കി തുക 2,29,986 രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തൊഴിൽ നികുതി ഇനത്തിൽ 1,42,563 രൂപയിൽ 20,939 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.2.3 1981-82 മുതൽ 1997-98 വരെയുള്ള കാലയളവിലെ വസ്തു നികുതിയിനത്തിൽ പിരിച്ചെടുക്കാനുണ്ടായിരുന്ന 4,70,164 രൂപയിൽ 2,25,316 രൂപയും, തൊഴിൽ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്ന 1,42,563 രൂപയിൽ 18,417 രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

**തുടർശിപാർശ**

2.2.4 **സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് അംഗീകരിക്കുന്നതോടൊപ്പം നികുതിയിനത്തിൽ അവശേഷിക്കുന്ന തുക പിരിച്ചെടുക്കാത്ത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഭാവിയിൽ കുടിശ്ശിക വരാതെ സമയബന്ധിതമായി നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 82

**ശിപാർശ**

2.3.1 നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ സെൽഫ് ചെക്കായി പിൻവലിച്ച് തിരിമറി നടത്തിയ 30,000 രൂപ ഉൾപ്പെടെ ടിയാന്റെ പേരിൽ ആകെ 7 ലക്ഷം രൂപയുടെ ബാധ്യതയുള്ളതായി സമിതി മനസ്സിലാക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കെ മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത തുക ഈടാക്കാൻ ചട്ടപ്രകാരമുള്ള ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 കൃഷി ഓഫീസറായിരുന്ന ശ്രീ. കെ. വിജയകുമാറിന് ബാധ്യത സർട്ടിഫിക്കറ്റ് നൽകിയപ്പോൾ 30,000 രൂപ ടിയാന്റെ പേരിൽ ബാധ്യത ഉണ്ട് എന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസറെ അറിയിച്ചിട്ടുണ്ട്. ശ്രീ. കെ. വിജയകുമാർ 30,000 രൂപ അടവാക്കിയിട്ടില്ല.

തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 19-3-2014, 8-4-2014 എന്നീ തീയതികളിൽ കത്തയച്ചിട്ടുണ്ട്. ശ്രീ. വിജയകുമാർ ഇപ്പോൾ ജീവിച്ചിരിപ്പില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ 13-8-2014-ന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് റിമൈൻഡർ അയച്ചിട്ടുള്ളതാണ്. 23-8-2014-ലെ 34267/എ.ബി./13/എൽ.എസ്.ജി.ഡി. നമ്പർ കത്തു പ്രകാരം സമിതി ശിപാർശാനുസരണം നടപടി സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.3 കൃഷി ഓഫീസറായിരുന്ന ശ്രീ. കെ. വിജയകുമാർ 30,000 രൂപ തിരിച്ചടച്ചിട്ടില്ല. തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 19-3-2014-നും തുടർന്ന് 8-4-2014-നും കത്തയച്ചിട്ടുണ്ട്. ശ്രീ. വിജയകുമാർ, കൃഷി ഫീൽഡ് ഓഫീസറുടെ ബാധ്യതാ പത്രം 23-1-2012-ലെ എ.ഡി.(4) 10465/08 നമ്പർ കത്ത് മുഖേന മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൃഷി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന വിവരവും അറിയിക്കുന്നു. കൃഷ് വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചതായി വിവരം ലഭ്യമാക്കിയിട്ടില്ലെന്നും അറിയിക്കുന്നു.

**തുടർശിപാർശ**

2.3.4 **നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ ശ്രീ. കെ. വിജയകുമാറിൽ നിന്ന് ബാധ്യത തുകയായ 30,000 തിരിച്ചുപിടിച്ച് ആയത് സംബന്ധിച്ച നടപടി റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 96

**ശിപാർശ**

2.4.1 കാർഷികാവശ്യത്തിന് പാടശേഖര സമിതിക്ക് കൈമാറിയ ട്രാക്ടർ മൂന്നു വർഷമായി ഉപയോഗശൂന്യമായിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്തി ട്രാക്ടർ പ്രവർത്തിപ്പിക്കുകയോ അല്ലെങ്കിൽ പാടശേഖര സമിതിയിൽ നിന്നും തിരികെ വാങ്ങി വിൽക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2 കാർഷികാവശ്യത്തിന് പാടശേഖര സമിതിക്ക് കൈമാറിയ ട്രാക്ടർ തിരികെ വാങ്ങി വില്പന നടത്തുന്നതിനും ടി തുക ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക്

അടവാക്കുന്നതിനും അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം ട്രാക്ടറിന്റെ വാല്യുവേഷൻ നടത്തി തുക നിശ്ചയിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗിന് കത്തു നൽകുകയും ടി ഓഫീസിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതിന്റെയും രേഖകൾ എ.എഫ്.ഒ. ഹാജരാക്കിയിട്ടുണ്ട്. ആയത് പരിശോധനക്കായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.4.3 നഗരസഭാ സെക്രട്ടറിയുടെ 10-12-2014-ലെ എ 3-23038/13 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ അഗ്രി. ഫീൽഡ് ഓഫീസർ 12-12-2014-ന് KBT/21/2014-15 നമ്പർ കത്തു പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD, മെക്കാനിക്കൽ സബ് ഡിവിഷൻ, കോഴിക്കോടിനോട് ട്രാക്ടറിന്റെ വില നിർണ്ണയം നടത്തിത്തരുവാൻ അപേക്ഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടതിൻ പ്രകാരം 8-1-2015-ന് നിശ്ചിത പ്രൊഫോർമയിലുള്ള History of Tractor ഉം AFO അയച്ചു കൊടുത്തിട്ടുണ്ട്. മറ്റു നടപടികൾ ഒന്നുമായിട്ടില്ല.

**തുടർശിപാർശ**

2.4.4 **ട്രാക്ടറിന്റെ വില നിർണ്ണയം നടത്തി സമിതി നിർദ്ദേശം പാലിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 113</u>

**ശിപാർശ**

2.5.1 തെക്കുമുറി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കോസ്റ്റ്ഫോർഡ് പണി ആരംഭിച്ചില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പ്രവൃത്തി ആരംഭിക്കാത്തതിനാൽ കൈപ്പറ്റിയ മൊബിലൈസേഷൻ അഡ്വാൻസ് പലിശസഹിതം തിരികെ നൽകുവാൻ ടി സ്ഥാപനം ബാധ്യസ്ഥമാണ്. എന്നാൽ, ഈ ആവശ്യത്തിലേക്കായി കോസ്റ്റ്ഫോർഡ് കുറേ സാധനങ്ങൾ എത്തിച്ചിട്ടുള്ളതായും ആയതിന്റെ വില കിഴിച്ചുള്ള തുക മാത്രമേ തിരിച്ചടവാക്കുവാൻ കഴിയുകയുള്ളുവെന്ന നിലപാട് ടി സ്ഥാപനം സ്വീകരിച്ചിട്ടുള്ളതായും അറിയുന്നു. ആയതിനാൽ, ഇക്കാര്യത്തിൽ കോസ്റ്റ്ഫോർഡുമായി പരസ്പരധാരണയിലെത്തി നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കുവാനും പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 ഈ ഓഫീസിലെ 11.12.2014 തീയതിയിലെ പി.ഡബ്ല്യു2-11635/14 നമ്പർ പ്രകാരം കോസ്റ്റ്ഫോർഡ് മാനേജിംഗ് ഡയറക്ടർക്ക് ഓഫീസിൽ ഹാജരാകുന്നതിനായി കത്ത് നൽകുകയും, ആയത് പ്രകാരം കോസ്റ്റ്ഫോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഈ ഓഫീസിൽ ഹാജരാകുകയും അഡ്വാൻസ് തുക 2 ഗഡുക്കളായി അടവാക്കുന്നതിന് അനുമതി നൽകണമെന്നും പലിശ ഒഴിവാക്കുന്നതിന് ഗവൺമെന്റ് സെക്രട്ടറിക്ക് അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളതായും സൂചിപ്പിച്ച് കൊണ്ട് 22-12-2014 തീയതിയിലെ Costford/TM/10/2014 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ആദ്യഗഡു അടിയന്തരമായി അടവാക്കുന്നതിന് 21-1-2015 തീയതിയിലെ പി.ഡബ്ല്യു.2-11635/14 നമ്പർ പ്രകാരം കോസ്റ്റ്ഫോർഡ് ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.5.3 ഈ വിഷയത്തിൽ നഗരസഭയും കോസ്റ്റ്ഫോർഡും തമ്മിൽ ധാരണയിലെത്തിയതായും അഡ്വാൻസ് തുകയായ 1,36,000 രൂപ രണ്ട് ഗഡുക്കളായി തിരിച്ചടക്കാനുള്ള അനുമതിയ്ക്കായി 22-12-2014-ലെ COSTFORD/TM/10/2014 നമ്പർ കത്ത് പ്രകാരം കോസ്റ്റ്ഫോർഡ് നഗരസഭയോട് അപേക്ഷിച്ചതായും കാണുന്നു. പലിശ ഒഴിവാക്കിക്കിട്ടുന്നതിനായി സർക്കാരിലേക്ക് കോസ്റ്റ്ഫോർഡ് കത്തയച്ചതായും കാണുന്നു. എന്നാൽ നാളിതുവരെ തുകയൊന്നും തിരിച്ചടവാക്കിയിട്ടില്ല.

**തുടർശിപാർശ**

2.5.4 **മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിക്കാത്തതിനാൽ നഗരസഭയ്ക്ക് കോസ്റ്റ്ഫോർഡ് നൽകാനുണ്ടായിരുന്ന തുക തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാനും തിരിച്ചടച്ചിട്ടില്ലെങ്കിൽ തുക തിരിച്ചു പിടിക്കാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 115

**ശിപാർശ**

2.6.1 താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി ഏറ്റെടുത്ത കൺവീനർ 30,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിക്കുകയോ അഡ്വാൻസ് തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. പലിശ സഹിതം 63,320 രൂപ അടയ്ക്കാനാവശ്യപ്പെട്ട് 2010-ൽ കൺവീനർക്ക് ഒരു രജിസ്റ്റേർഡ് നോട്ടീസ് അയച്ചതല്ലാതെ മറ്റു നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. 2006-ൽ ആദ്യത്തെ

നോട്ടീസ് നൽകിയതിനുശേഷം നാലുവർഷം കഴിഞ്ഞ് 2010-ലാണ് അടുത്ത നോട്ടീസ് നൽകിയത്. ഇക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥ ഉണ്ടായതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ, മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക കൺവീനറിൽനിന്നും പലിശസഹിതം അടിയന്തരമായി തിരികെ ഈടാക്കുവാൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 12-12-2014 തീയതിയിലെ പി.ഡബ്ല്യു.2/11635/14 നമ്പർ പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുമുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.3 12-12-2014-ലെ PW2-11635/14 നമ്പർ കത്തു പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി കളക്ടർക്കു കത്തു നൽകിയിട്ടുണ്ട്. റിക്കവറി ആരംഭിച്ചതായി വെളിപ്പെടുത്തുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

തുടർശിപാർശ

2.6.4 **മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക കൺവീനറിൽ നിന്നും പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

## സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

ഖണ്ഡിക നമ്പർ 12

**ശിപാർശ**

3.1.1 മരാമത്തു പണികളിൽ മെറ്റലിന് അധികവില നൽകിയതിലൂടെ മുനിസിപ്പാലിറ്റിക്കുണ്ടായ 44,587 രൂപയുടെ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് 30-12-2010-ൽ കത്ത്

നൽകിയതായും ടി വിഷയം വയനാട് ജില്ലാ കളക്ടറുടെ അധികാര പരിധിയിൽ വരുന്ന കാര്യമായതിനാൽ ആർ. ആർ. നടപടി പ്രായോഗികമല്ലെന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത കത്ത് തിരിച്ചയച്ചതായും സമിതി നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ യാതൊരു നടപടികളും മുനിസിപ്പാലിറ്റി പിന്നീട് സ്വീകരിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി പ്രായോഗികമല്ലെന്ന് എറണാകുളം ജില്ലാ കളക്ടർ പറഞ്ഞതിന്റെ സാംഗത്യം സമിതിക്ക് മനസിലാകുന്നില്ല. ആർ. ആർ. നടപടി എറണാകുളം ജില്ലാ കളക്ടറുടെ പരിധിയിൽ വരുന്ന വിഷയമല്ലെങ്കിൽ പ്രസ്തുത കളക്ടറോട് അത്തരമൊരു ആവശ്യം ഉന്നയിച്ച മുനിസിപ്പാലിറ്റിയുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. എറണാകുളം ജില്ലാ കളക്ടറിൽ നിന്നും മറുപടി ലഭിച്ചതിനു ശേഷം നടപടി സ്വീകരിക്കാത്തതിനുള്ള വിശദീകരണം സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ എറണാകുളം ജില്ലാ കളക്ടറുടെ ഭാഗത്തു നിന്നാണോ മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നാണോ പിഴവുണ്ടായതെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.1.2 പ്രവൃത്തി നടത്തിയിരുന്ന എഞ്ചിനീയർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയും എറണാകുളം ജില്ലയിൽ സ്ഥിര താമസമാരംഭിക്കുകയും ചെയ്തതിനാൽ, സ്വാഭാവികമായും റവന്യൂ റിക്കവറി നടപടി എറണാകുളം ജില്ലാ കളക്ടറാണ് നടത്തേണ്ടത് എന്ന നിഗമനത്തിലാണ് നഗരസഭ നടപടി സ്വീകരിച്ചത്. ബോധപൂർവ്വമല്ലാതെയുണ്ടായ ഈ പിശക് മാപ്പാക്കണമെന്നും തുടർ നടപടി ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു. എറണാകുളം ജില്ലാ കളക്ടറിൽ നിന്നും മറുപടി ലഭ്യമാകുമ്പോഴേക്കും നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി സിറ്റിംഗ് കഴിഞ്ഞിരുന്നു. ടി സമിതി തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കാമെന്ന് കരുതിയതിനാലാണ് പിന്നീട് തുടർ നടപടി സ്വീകരിക്കാതിരുന്നത്.

സമിതി നിർദ്ദേശം ലഭിച്ചതിനുശേഷം തുക അടവാക്കണമെന്ന് പ്രസ്തുത എഞ്ചിനീയറെ അറിയിക്കുകയും ടിയാൾ അടവാക്കേണ്ട 44,587 രൂപ രസീത് നമ്പർ 11301103406 തീയതി 26-6-2013 പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്. തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.1.3 മെറ്റൽ അധിക വില നൽകിയത് റിട്ട. എഞ്ചിനീയർ ശ്രീ. എൻ. കെ. അച്യുതൻ 26-6-2013-ലെ 11301103406 നം. രസീത് പ്രകാരം 44,587 രൂപ കൽപ്പറ്റ നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 14

**ശിപാർശ**

3.2.1 സമിതിയുടെ തെളിവെടുപ്പിന് ഹാജരാകുന്ന മിക്ക ഉദ്യോഗസ്ഥരും ബന്ധപ്പെട്ട ഫയലുകളും രേഖകളും മതിയായ രീതിയിൽ പഠിച്ച് വരുന്നില്ലെന്നും ഇക്കാരണത്താൽ സമിതിയുടെ ചോദ്യങ്ങൾക്ക് വേണ്ടവിധത്തിൽ മറുപടി ലഭിക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുകയും ഇതിൽ ശക്തമായ അമർഷം രേഖപ്പെടുത്തുകയും ചെയ്യുന്നു. നിയമസഭാ സമിതി മുമ്പാകെ ഹാജരാകുന്ന ഉദ്യോഗസ്ഥർ സമിതിക്കാവശ്യമായ വിവരങ്ങൾ നൽകുവാൻ പ്രാപ്തരായിരിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.2.2 25-10-2013-ലെ 46447/എസി3/13/ ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ഇക്കാര്യത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.3 സമിതി മുമ്പാകെ തെളിവ് നൽകുവാൻ ഹാജരാകുമ്പോൾ വേണ്ടത്ര തയ്യാറെടുപ്പില്ലാതെ ഹാജരാകുന്ന പ്രവണത ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ നം. 46447/എസി3/13/ത.സ്വ.ഭ.വ. തീയതി 25-10-2013 പ്രകാരം പുറപ്പെടുവിക്കുകയും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഖണ്ഡിക നമ്പർ 17

**ശിപാർശ**

3.3.1 വസ്തുനികുതിയിനത്തിലെ കുടിശ്ശിക പിരിച്ചെടുത്തതിന്റെ രശീതുകളും രജിസ്റ്ററുകളും പതിനഞ്ചു ദിവസത്തിനകം ഓഡിറ്റിന് ഹാജരാക്കാമെന്ന് 25-1-2011-ലെ സമിതി യോഗത്തിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. എന്നാൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 26-7-2011-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത രേഖകളും രജിസ്റ്ററുകളും 7-7-2011-ലെ പ്രാദേശിക പരിശോധനാ വേളയിൽ പോലും ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു.

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുമ്പാകെ നൽകിയ ഉറപ്പിന്റെ ഈ ലംഘനത്തെ സമിതി വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. വസ്തുനികുതി പിരിവ്, ഗ്രന്ഥശാലാവരി പിരിവ് എന്നിവയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൈവശമുണ്ടെങ്കിൽ അവ നൽകുന്നതിനുള്ള തടസ്സമെന്തെന്ന് സമിതിക്ക് മനസ്സിലാകുന്നില്ല. ആയതിനാൽ, സമിതി മുമ്പാകെ നൽകിയ ഉറപ്പ് പാലിക്കാത്ത മുനിസിപ്പാലിറ്റി സെക്രട്ടറിയിൽ നിന്നും വിശദീകരണം ആരാഞ്ഞ് ആയത് സംബന്ധിച്ച വിവരം നൽകുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു. കൂടാതെ, ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട മേല്പറഞ്ഞ രേഖകൾ രണ്ടു മാസത്തിനകം ഓഡിറ്റിന് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.3.2 നിയമസഭാ സമിതിയുടെ ശിപാർശ അനുസരിച്ച് സമിതിയ്ക്ക് നൽകിയ ഉറപ്പ് ലംഘിച്ച നഗരസഭാ സെക്രട്ടേറിയറ്റിൽ നിന്നും വിശദീകരണം വാങ്ങി ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും സർക്കാരിന്റെ 19-3-2014-ലെ 34267/എബി1/13/ത.സ്വ.ഭ.വ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിലും ഭരണവകുപ്പ് പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറിയോട് 11-4-2014-ലെ എഫ്.2/9198/13(2) ന.കാ.വ. കത്ത് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ടിന്മേൽ നഗരസഭ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

25-1-2011-ൽ സമിതി മുമ്പാകെ ഹാജരായ വേളയിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് ശ്രീ. പി. കെ. അനീസും 7-7-2011-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ പ്രാദേശിക പരിശോധനാവേളയിൽ നഗരസഭാ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് ശ്രീ. പി. മുഹമ്മദലിയും ആയിരുന്നു.

1999-2000 വർഷത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന 1999-2000, 2000-01, 2001-02 വർഷങ്ങളിലെ വസ്തുനികുതി അടവാക്കാനുള്ള 171 കെട്ടിടങ്ങളുടെ 4,14,164 രൂപയുടെ രേഖകൾ കണ്ടെത്താനുണ്ടായിരുന്നു. 29-6-2013, 10-11-2014 തീയതികളിലെ പ്രാദേശിക പരിശോധനയിൽ 3,65,178 നികുതി അടവാക്കിയ രേഖകൾ കണ്ടെത്തി പരിശോധിച്ച് 10-11-2014-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 48,986 രൂപയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കണ്ടെത്തിയ രസീതുകളും കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ 171 വസ്തുവകകളുടെ 1999-2000, 2000-01, 2001-02 കാലയളവിലെ വസ്തുനികുതി നഗരസഭയ്ക്ക് നഷ്ടം വന്നതായി കാണാൻ സാധിക്കുന്നില്ല. ടി കാലയളവിലെ ഡി. സി.ബി.യിലും

ഡിമാന്റ് രജിസ്റ്ററിലും ചേർക്കാത്തത് മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. ടി രസീതുകളും കളക്ഷൻ രജിസറ്ററുകളും അതാത് കാലത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ടീം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

കാലപ്പഴക്കംമൂലം 200-ൽപരം രസീത് ബുക്കുകൾ പരിശോധിക്കാൻ കഴിയാത്തവിധം നശിച്ചുപോയതായി കണ്ടെത്തി ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ടി വസ്തുതകൾ പരിഗണിച്ച് നികുതി വസൂലാക്കാതെ നഷ്ടം വരുത്തിയെന്ന പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.3.3. 1999-2000, 2000-01, 2001-02 കാലയളവിൽ വസ്തു നികുതി ഡിമാന്റ് ചെയ്യാത്തതുമൂലം നഷ്ടം വന്ന 4,14,164 രൂപയിൽ 29-6-2013, 10-11-2014 എന്നീ തീയതികളിൽ നടത്തിയ പ്രാദേശിക പരിശോധനകളിലായി മൊത്തം 3,65,178 രൂപ അടവാക്കിയതായി രശീതികൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. രശീതികളുടെ അഭാവത്തിൽ പിരിവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം 10,217 രൂപയുടെ പിരിവും പരിശോധിച്ചു. മൊത്തം 3,75,395 രൂപയുടെ പിരിവ്, രശീതികൾ/പിരിവ് രജിസ്റ്റർ പ്രകാരം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ബാക്കി 38,769 രൂപയുടെ പിരിവ് സംബന്ധിച്ച് രശീതികളോ പിരിവ് രജിസ്റ്ററുകളോ ഹാജരാക്കിയിട്ടില്ലെന്നും ബഹു. സമിതിയെ അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 36</u>

**ശിപാർശ**

3.4.1 സംഗീതാ ക്രോസ് റോഡ് ടാറിംഗുമായി ബന്ധപ്പെട്ട ടെണ്ടർ നോട്ടീസ്, എസ്റ്റിമേറ്റ്, ടെണ്ടർ ഷെഡ്യൂൾ, കരാർ എന്നിവയിലൊന്നുംതന്നെ നഗരസഭ ഈ പ്രവൃത്തിക്ക് ടാർ നൽകുമെന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ, കരാർ നിബന്ധനയ്ക്ക് വിരുദ്ധമായി നഗരസഭ കരാറുകാരന് ടാർ നല്കുകയും ടാറിന്റെ യഥാർത്ഥവില ഈടാക്കാതെ ഷെഡ്യൂൾ നിരക്കുമാത്രം ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഓഡിറ്റ് ഖണ്ഡികയിൽ ഈ ഇനത്തിൽ 11,960 രൂപയുടെ നഷ്ടമാണ് കണക്കാക്കിയതെങ്കിലും തെളിവെടുപ്പുവേളയിൽ നഗരസഭാധികൃതരുടെ വിശദീകരണത്തിന്റെ പശ്ചാത്തലത്തിൽ സമിതി ആവശ്യപ്പെട്ടതനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പുന:പരിശോധനയിൽ യഥാർത്ഥ നഷ്ടം 6,481 രൂപയായി പുനനിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത പുനപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും അടിയന്തരമായി ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 തുക അധികം അനുവദിക്കുന്നതിന് ഉത്തരവാദിയായ അസി. എക്സി. എഞ്ചിനീയർ ശ്രീ. വി. കെ. അബ്ദുൾ സലാം നഗരസഭയ്ക്ക് ഈ ഇനത്തിൽ നഷ്ടം വന്ന 6,481 രൂപ 22-11-2013-ലെ 11301500127 രസീതി നമ്പറായി നഗരസഭാ ഖജനാവിൽ അടവാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഓഡിറ്റ് തടസ്സവാദം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് കാര്യാലയത്തിലെ 12-8-2014-ലെ എൽ.എഫ്.എം.19/1053/2014(2) നമ്പർ പുനരഭിപ്രായപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.4.3 സംഗീതാ ക്രോസ് റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് ശ്രീ. വി. കെ. അബ്ദുൾ സലാം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 6,481 രൂപ തിരിച്ചടവാക്കിയത് പരിശോധിച്ചു. (രശീതി നമ്പർ 11301500127/22-11-2013)

<u>ഖണ്ഡിക നമ്പർ 37</u>

**ശിപാർശ**

3.5.1. കാലി ബാരലിന്റെ വില, നഷ്ടം വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കിയിട്ടുണ്ട് എന്ന മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുതഭാഗം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.5.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം ഈ കാര്യാലയത്തിലെ 12-8-2014-ലെ എൽ.എഫ്.എം.19/1053/2013 (2) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ട് പുനരഭിപ്രായം നഗരസഭയെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 41

**ശിപാർശ**

3.6.1 സെൻട്രൽ ജി. എം. എൽ. പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുവാൻ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 1,00,000 രൂപ 2005-ൽ തിരിച്ചടച്ചെങ്കിലും പലിശ അടച്ചിട്ടില്ലെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതി കണ്ടെത്തുകയുണ്ടായി. മൊബിലൈസേഷൻ അഡ്വാൻസായി കൈപ്പറ്റിയ തുകയ്ക്ക് പലിശ ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന സമിതി നിർദ്ദേശത്തെ തുടർന്ന് 2011 ഏപ്രിൽ, മേയ് മാസങ്ങളിലായി 18% നിരക്കിൽ പലിശയും അടവാക്കിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ, പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.6.2 അഡ്വാൻസ് തുകയായ 1,00,000 രൂപ 9-9-2005-ലെ 447/22341-ാം നമ്പർ രശീതി പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. പലിശയിനത്തിൽ കൺവീനറിൽ നിന്നും 5-4-2011-ലെ 11101100211 നമ്പർ രസീതി പ്രകാരം 50,000 രൂപയും 26-5-2011-ലെ 11101102890 നമ്പർ രസീതി പ്രകാരം 47,200 രൂപയും ആകെ 97,200 രൂപ നഗരസഭാ ഖജനാവിൽ അടവാക്കിയിട്ടുണ്ട്.

സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.6.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം ഈ കാര്യാലയത്തിലെ 12-8-2014-ലെ എൽ.എഫ്.എം.19/1053/2013(2) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ട് പുനരഭിപ്രായം നഗരസഭയെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 43

**ശിപാർശ**

3.7.1 നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ വൈദ്യുതിലൈൻ നീട്ടുന്നതിന് വൈദ്യുതി ബോർഡിൽ അടച്ച തുക ഉപയോഗിച്ച് ഏറ്റെടുത്ത പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 നഗരസഭയിൽ വിവിധ ഭാഗങ്ങളിൽ വൈദ്യുത ലൈൻ നീട്ടുന്നതിനുവേണ്ടി വൈദ്യുതി ബോർഡിന് 2001-2002-ൽ നൽകിയ 9,52,534 രൂപ ഉപയോഗിച്ച് കെ.എസ്.ഇ.ബി. ഏറ്റെടുത്ത മുഴുവൻ പ്രവൃത്തികളും 10/2004-ന് പൂർത്തീകരിച്ചതായി പെരിന്തൽമണ്ണ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയർ 22-10-2003-ലെ ഡി.ബി./04-05/പി.എം.എ./മുനിസിപ്പാലിറ്റി നമ്പർ കത്ത് പ്രകാരം നഗരസഭയെ അറിയിച്ചിട്ടുണ്ട്.

സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.7.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം ഈ കാര്യാലയത്തിലെ 12-8-2014-ലെ എൽ.എഫ്.എം.19/1053/2013(2) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ട് പുനരഭിപ്രായം നഗരസഭയെ അറിയിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 48</u>

**ശിപാർശ**

3.8.1 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം പുതുക്കിയ നിരക്കിൽ ശമ്പളം നിർണ്ണയിച്ച് ശമ്പള കുടിശ്ശിക നൽകുന്ന വേളയിൽ, നേരത്തെ ഇടക്കാലാശ്വാസമായി ജീവനക്കാർക്ക് നൽകിയ തുക കുറയ്ക്കേണ്ടതാണ്. എന്നാൽ, മലപ്പുറം നഗരസഭ ടി ഉത്തരവ് നടപ്പിലാക്കിയപ്പോൾ പ്രസ്തുത വ്യവസ്ഥപ്രകാരം രണ്ടു ഗഡു ഇടക്കാലാശ്വാസ തുക കുറയ്ക്കാതെ 38,275 രൂപ അധികമായി നൽകിയതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റിന്റെ കണ്ടെത്തലിനെത്തുടർന്ന് മുഴുവൻ തുകയും തിരിച്ചടവാക്കിയതായി നഗരസഭ വാദിക്കുന്നുണ്ടെങ്കിലും 7,762 രൂപ ഇനിയും അടയ്ക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അധികം നൽകിയ മുഴുവൻ തുകയും ഈടാക്കേണ്ടത് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച സമയത്തുള്ള നഗരസഭാ സെക്രട്ടറിയുടെ ചുമതലയായിരുന്നു. എന്നാൽ, പ്രസ്തുത കാര്യം നിർവ്വഹിക്കുന്ന കാര്യത്തിൽ തദവസരത്തിലെ സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി സമിതി കരുതുന്നു. നഗരസഭാ സെക്രട്ടറിയുടെ പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ, അധികമായി നൽകിയ തുകയിൽ ഇനിയും അടവാക്കാനുള്ള 7,762 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽനിന്നും അടിയന്തരമായി ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 ഒബ്ജക്ഷൻ തുകയായ 7,762 രൂപ മലപ്പുറം നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.8.3 ഇടക്കാലാശ്വാസം കൈപ്പറ്റിയിരുന്ന ജീവനക്കാരിൽ നിന്നും 7,762 രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

| തീയതി | തുക |
|---|---|
| 5-9-2014 | 1,500 |
| 19-12-2014 | 841 |
| 19-12-2014 | 851 |
| 19-12-2014 | 749 |
| 19-12-2014 | 1,280 |
| 19-12-2014 | 621 |
| 19-12-2014 | 800 |
| 28-11-2014 | 1,120 |
| **ആകെ** | **7,762** |

<u>ഖണ്ഡിക നമ്പർ 53, 54</u>

**ശിപാർശ**

3.9.1 നഗരത്തിലെ പിന്നാക്കപ്രദേശങ്ങളുടെ വൈദ്യുതീകരണത്തിന് അംഗീകരിച്ച പദ്ധതിയ്ക്ക്, എസ്റ്റിമേറ്റ് തയ്യാറാക്കാതെയും പദ്ധതി പ്രദേശങ്ങൾ നിശ്ചയിക്കാതെയുമാണ് 5,34,650 രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് പദ്ധതിപ്പണം ചെലവഴിച്ചതായി കാണിക്കുവാനുള്ള ശ്രമമായി മാത്രമാണ് സമിതി വിലയിരുത്തുന്നത്. വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുക യഥാർത്ഥത്തിൽ ആവശ്യമായ തുകയേക്കാൾ 22,650 രൂപ കൂടുതലായിരുന്നു. അധികം തുക നിക്ഷേപിച്ചത് സംബന്ധിച്ച് നഗരസഭ യാതൊരു വിശദീകരണവും സമിതി മുമ്പാകെ ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തി, സാങ്കേതിക തടസ്സങ്ങൾ കാരണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലും പിന്നീട് പൂർത്തീകരിച്ചതായാണ് നഗരസഭ അവകാശപ്പെടുന്നത്. എന്നാൽ പൂർത്തീകരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് നാളിതുവരെ നേടിയിട്ടില്ല. മാത്രമല്ല, അധികതുകയുടെ വിനിയോഗം സംബന്ധിച്ച് മറുപടിയിൽ മൗനം പാലിക്കുകയും ചെയ്യുന്നു.

3.9.2 ആയതിനാൽ, പ്രസ്തുത പദ്ധതി പൂർത്തീകരിച്ച വർഷം, യഥാർത്ഥത്തിൽ ചെലവായ തുക, അധികമായി നിക്ഷേപിച്ച തുകയുടെ വിനിയോഗം, പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭിച്ച തീയതി എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. പദ്ധതി പൂർത്തീകരിക്കുകയും പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം കെ.എസ്.ഇ.ബി. അധികൃതർ വ്യക്തമാക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ യഥാസമയംതന്നെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. ഈ പദ്ധതിയ്ക്കായി വൈദ്യുതിബോർഡിൽ നിക്ഷേപിച്ച തുകയിൽ പദ്ധതിച്ചെലവിനു ശേഷം വരുന്ന അധിക തുക നഗരസഭയുടെ വൈദ്യുതിബില്ലിൽ തട്ടിക്കിഴിക്കുകയോ മറ്റേതെങ്കിലും പ്രൊജക്ടിൽ ഉൾപ്പെടുത്തി വിനിയോഗിക്കുകയോ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.9.3 സർക്കാരിന്റെ 14-7-2014-ലെ 34267/എബി1/13/ത.സ്വ.ഭ.വ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ നിന്നും 18-8-2014-ലെ എഫ്.2/9198/13(2) പ്രകാരം നഗരസഭയ്ക്ക് കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ നഗരസഭയിൽ നിന്നും 30-12-2014-ൽ ലഭ്യമാക്കിയ വിവരങ്ങൾ:-

5,34,650 രൂപയാണ് നഗരസഭ കെ.എസ്.ഇ.ബി.യ്ക്ക് നൽകിയത്. പ്രസ്തുത തുകയ്ക്കുള്ള പണി കെ.എസ്.ഇ.ബി. പൂർത്തിയാക്കി. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. അധികം തുക നിക്ഷേപിച്ചിട്ടില്ല.

3.9.4 5,34,650 രൂപയാണ് കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുള്ളത്. 30-4-1999-നാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് 5,34,650 രൂപയാണ് ചെലവായിട്ടുള്ളത്. വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ച തീയതി 11-11-2014-ൽ ആണ്. അധികം തുക നൽകിയിട്ടില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.9.5 5,34,650 രൂപ വിനിയോഗിച്ച് 30-4-1999-ന് പ്രവൃത്തി പൂർത്തീകരിച്ചതായി കെ.എസ്.ഇ.ബി.യുടെ മലപ്പുറം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഡി.ബി./എം.പി.എം./13-14/31-10-13/46 നമ്പർ സാക്ഷ്യപത്രം 8-11-2013-ന് നഗരസഭയിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടു.

<u>ഖണ്ഡിക നമ്പർ 57</u>

**ശിപാർശ**

3.10.1 പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതായി സർക്കാർ മറുപടിയിലും തെളിവെടുപ്പ് വേളയിൽ ഹാജരായ നഗരസഭാ സെക്രട്ടറിയും പ്രസ്താവിക്കുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധന വേളയിലോ സമിതിയുടെ തെളിവെടുപ്പ് വേളയിലോ ഹാജരാക്കിയില്ല. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഓഡിറ്റ് മുമ്പാകെ സമർപ്പിക്കുവാൻ തെളിവെടുപ്പ് വേളയിൽ നഗരസഭാ ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകിയെങ്കിലും ആയതുമായി ബന്ധപ്പെട്ട് കോസ്റ്റ്ഫോർഡ് നൽകിയ ഒരു കത്തു മാത്രമാണ് ഓഡിറ്റ് മുമ്പാകെ സമർപ്പിക്കപ്പെട്ടതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രവൃത്തി പൂർത്തീകരിച്ച് വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് അടിയന്തരമായി ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാനും തൃപ്തികരമാകുന്ന പക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.10.2 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പൂർത്തീകരണ സർട്ടിഫിക്കറ്റും ഗുണഭോക്താക്കളുടെ ലിസ്റ്റും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 30-9-2014-ലാണ് കോസ്റ്റ്ഫോർഡിൽ നിന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. 4-10-2014 ലോക്കൽ ഫണ്ട് ഓഡിറ്റിന് രേഖകൾ എല്ലാം കൈമാറിയിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.10.3 20 ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയതായി 30-9-2014-ലെ costford/മലപ്പുറം മുനി./01/14 നമ്പർ കത്ത് പ്രകാരം കോസ്റ്റ്ഫോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. എന്നാൽ മേൽ 20 വീടുകളിൽ 2 വീടുകൾ പൊളിച്ച് മാറ്റിയതായും ടി ഗുണഭോക്താക്കൾക്ക് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പുതിയ വീടുകൾ അനുവദിച്ചതായും നഗരസഭാ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനാ സമയത്ത് ബോധ്യപ്പെട്ട വിവരവും ബഹു. സമിതിയെ അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 65, 66, 67

**ശിപാർശ**

3.11.1 നഗരത്തിലെ ക്ഷീര കർഷകർക്ക് മൃഗാശുപത്രിയുടെ സേവനം ലക്ഷ്യമിട്ടാണ് പദ്ധതി വിഭാവനം ചെയ്തത്. ഈ ആവശ്യത്തിന് ആരോഗ്യവകുപ്പിന് കീഴിലുള്ള ഒരു മാതൃ ശിശു സംരക്ഷണ സബ്സെന്റർ പ്രവർത്തിച്ചിരുന്ന ജീർണ്ണിച്ച കെട്ടിടം ഏറ്റെടുക്കുന്നതിന് 1,47,567 രൂപ പദ്ധതി വിഹിതത്തിൽ നിന്നും പണം ട്രഷറിയിൽ നിക്ഷേപിച്ചതായി സമിതി നിരീക്ഷിക്കുന്നു. കെട്ടിടത്തിന്റേയോ കെട്ടിടം സ്ഥിതിചെയ്തിരുന്ന സ്ഥലത്തിന്റേയോ യാതൊരു രേഖയും പരിശോധിക്കാതെയാണ് പ്രസ്തുത തുക ട്രഷറിയിൽ നിക്ഷേപിച്ചതെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടു. ആരോഗ്യവകുപ്പിന്റെ സബ് സെന്റർ പ്രവർത്തിച്ചിരുന്ന കെട്ടിടമായിരുന്നുവെങ്കിലും റവന്യൂ രേഖകൾ പ്രകാരം സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്നാണ് തെളിവെടുപ്പ് വേളയിൽ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചിട്ടുള്ളത്. പദ്ധതിക്കായി കെട്ടിടം ഏറ്റെടുക്കാൻ 1999-ൽ പണം ട്രഷറിയിൽ നിക്ഷേപിച്ച നഗരസഭ 2004-05-ൽ കെട്ടിടം നഗരസഭയുടെ ആസ്തിരജിസ്റ്ററിൽ ചേർത്തിരിക്കുന്നതായി സമിതി കണ്ടെത്തി. മാതൃശിശു സംരക്ഷണ സബ്സെന്റർ പ്രവർത്തിച്ചിരുന്ന കെട്ടിടം ആരോഗ്യ വകുപ്പിന്റേതാണെന്നും സ്ഥലം സറണ്ടർ ചെയ്യപ്പെട്ടതാണെന്നും നഗരസഭാധികൃതർ വാദിക്കുന്നുണ്ടെങ്കിലും ഇതിനാവശ്യമായ രേഖകൾ ഹാജരാക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. മാത്രവുമല്ല, ഇതു സംബന്ധിച്ച ഫയൽ ലഭ്യമല്ലാത്തതിനാൽ നിജസ്ഥിതി അറിയുവാൻ കഴിയുന്നില്ലായെന്നും നഗരസഭ അറിയിക്കുകയുണ്ടായി. കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നയിച്ച് ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതായും സമിതി മനസ്സിലാക്കുകയുണ്ടായി. സർക്കാർ പണം ചെലവഴിച്ചതിന് മതിയായ രേഖ ആവശ്യമാണെന്നും റവന്യൂ രേഖകൾ പ്രകാരം സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള ഭൂമി സർക്കാർ ഭൂമിയാണെന്ന നിലയ്ക്കായിരിക്കാം കൈമാറിയതെന്നും അഭിപ്രായപ്പെട്ട സമിതി ഇക്കാര്യത്തിലുള്ള ആശയക്കുഴപ്പം നീക്കുവാൻ വകുപ്പുതലത്തിൽ ഒരു അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു മറുപടിയും സർക്കാരിൽ നിന്നോ നഗരസഭയിൽ നിന്നോ സമിതിയ്ക്ക് നാളിതുവരെ ലഭിച്ചിട്ടില്ല. ഈ നിലപാട് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു.

3.11.2 സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, പരാമർശവിധേയമായ സ്ഥലം നഗരസഭയ്ക്ക് നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നഗരസഭയ്ക്കെതിരെ നിലവിലുള്ള റിട്ട് ഹർജിയിന്മേൽ അഡ്വക്കേറ്റിന് വസ്തുതാ വിവരണ പത്രിക നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

3.11.3 ആയതിനാൽ, ഈ വിഷയം സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു. സർക്കാർ ഭൂമി എന്ന നിലയ്ക്കാണോ വിനിമയം നടന്നത്; സ്വകാര്യ വ്യക്തി ആരോഗ്യ വകുപ്പിന് ഭൂമി സറണ്ടർ ചെയ്തിരുന്നോ; 1999-ൽ ട്രഷറിയിൽ പണം നിക്ഷേപിച്ചിട്ട് കെട്ടിടം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ചേർക്കുവാൻ 2004-05 വരെ കാത്തിരിക്കുവാനുള്ള കാരണം; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങളും ഭൂമിയും വാങ്ങുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും ഇക്കാര്യത്തിൽ പാലിക്കപ്പെട്ടുന്നുണ്ടോ; ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതി എന്നിവ അടങ്ങുന്ന വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.4 മലപ്പുറം നഗരസഭയിലെ ക്ഷീര കർഷകർക്ക് മൃഗാശുപത്രി സേവനം ലക്ഷ്യമിട്ട് 1.4 ലക്ഷം വിലയൊടുക്കിയിട്ടും, മൃഗാശുപത്രി തുടങ്ങിയില്ല എന്നും നഗരസഭയുടെ ഉദാസീനതയാൽ പദ്ധതി ട്രഷറി നിക്ഷേപമാക്കി അവസാനിപ്പിച്ചത് അന്വേഷിക്കണമെന്നും പദ്ധതി പൂർത്തീകരിക്കുന്നതിനും സാദ്ധ്യത തേടണമെന്നുമാണ് ഓഡിറ്റ് പരാമർശം.

നഗരസഭ വക എം.സി.എച്ച്. സെന്റർ പ്രവർത്തിച്ചിരുന്നത് പൂക്കോട്ടൂർ ഹെൽത്ത് സെന്ററിന്റെ കീഴിൽ ഉണ്ടായിരുന്ന മേൽമുറി സബ് സെന്ററിലായിരുന്നു. പ്രസ്തുത സ്ഥലം ഇപ്പോഴത്തെ ഭൂമിയുടെ ഉടമസ്ഥ എന്ന് പറയുന്ന ശ്രീമതി ബിയ്യുമ്മയുടെ മാതാവ് ടിയാൾ ജീവിച്ചിരുന്ന കാലത്ത് സൗജന്യമായി മേൽ ആവശ്യത്തിന് വാക്കാൽ നൽകിയതായിരുന്നു, രേഖാ മൂലം കൈമാറിയിട്ടുണ്ടായിരുന്നില്ല.

1-4-1982-ലെ മുനിസിപ്പൽ വസ്തു നികുതി അസ്സസ്മെന്റ് രജിസ്റ്ററിൽ 7/86 നമ്പർ പ്രകാരമുള്ള കെട്ടിടം ഗവൺമെന്റ് മെറ്റേണിറ്റി സെന്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ അധീനതയിലായിരുന്ന പ്രസ്തുത വസ്തു ഏറ്റെടുത്ത് ഒരു മൃഗാശുപത്രി തുടങ്ങുന്നതിന് നഗരസഭ ഒരു പ്രോജക്ട് ആവിഷ്കരിക്കുകയും അത് അനുസരിച്ച് 23-5-1995-ലെ ജി. ഒ. (ആർറ്റി.) നം. 965/95/HDWD നമ്പർ ഉത്തരവ് പ്രകാരം 4.5 സെന്റ് ഭൂമിയ്ക്കും കെട്ടിടത്തിനും 1,47,567 രൂപ നിശ്ചയിക്കുകയും ആയത് 9-12-1999-ലെ 857-ാം നമ്പർ ചലാൻ പ്രകാരം മലപ്പുറം ജില്ലാ ട്രഷറിയിൽ 0211—FW—800—Other receipts-98—Other Items എന്ന അക്കൗണ്ട് ഹെഡിൽ 1,47,567 രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്.

1999-ന് ട്രഷറിയിൽ പണം നിക്ഷേപിച്ച് കെട്ടിടം നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ചേർക്കുവാൻ 2004-05 വരെ കാത്തിരുന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയായി കാണാവുന്നതാണ്. വസ്തു കൈമാറിയതിന്റെ രേഖകൾ ഒന്നും മുനിസിപ്പാലിറ്റിയിൽ കണ്ടെത്തിയിട്ടില്ല. ടി വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

3.11.5 8-1-2015-ലെ ഡി1-9206/09 നമ്പർ കത്ത് പ്രകാരം മലപ്പുറം നഗരസഭയിൽ നിന്നും ലഭ്യമാക്കിയ മറുപടി:—0211-FW-800 Other receipts-98-Other items നമ്പർ ചലാൻ പ്രകാരം പൂക്കോട്ടൂർ ഹെൽത്ത് സെന്ററിന്റെ പേരിൽ നിക്ഷേപിച്ച 1,45,567 രൂപയും ആയതിന്റെ പലിശയും നഗരസഭ ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.11.6 നഗരസഭയ്ക്ക് സ്ഥലം നാളിതുവരെ കൈമാറിയിട്ടില്ല. ശ്രീമതി ടി. ബിയ്യുമ്മ സ്ഥലം ഉടമസ്ഥതയെ സംബന്ധിച്ച് ബഹു. ഹൈക്കോടതിൽ ഫയൽ ചെയ്ത WP(c)9948/2011 നമ്പർ കേസിൽ നടപടികൾ ഇപ്പോഴും തുടരുന്നു. ടി കേസിന്മേലുള്ള സ്റ്റേ ഉത്തരവ് ഒഴിവാക്കിക്കിട്ടാൻ 4-8-2011-ന് ശേഷം ഒരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. ഭൂമിയുടെ കൈമാറ്റം സംബന്ധിച്ചും കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന ബഹു. സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ലെന്നും അറിയിക്കുന്നു.

ഖണ്ഡിക നമ്പർ 69

**ശിപാർശ**

3.12.1 സർക്കാർ നൽകിയ മറുപടി പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.12.2 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി കൊണ്ട് 12-8-2014-ന് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ടിന്റെ എൽ.എഫ്.എം.19/1053/2013(1) കത്ത് പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.12.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിലെ 12-8-2014-ലെ എൽ.എഫ്.എം./19/1053/2013/(1) കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ട് പുനരഭിപ്രായം നഗരസഭയെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 73

**ശിപാർശ**

3.13.1 വ്യവസായ വികസന പദ്ധതിയിൽ 4.28 ലക്ഷം രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം നൽകിയ പുന:പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.13.2 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ട് 12-8-2014-ന് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ടിന്റെ എൽ.എഫ്.എം.19/1053/2013(1) കത്തു പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.13.3 ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിലെ 12-8-2014-ലെ എൽ.എഫ്.എം.19/1053/2013(1)കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ട് പുനരഭിപ്രായം നഗരസഭയെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 84

**ശിപാർശ**

3.14.1 നഗരസഭ, ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനു വാങ്ങിയ സ്ഥലം ട്രഞ്ചിംഗ് ഗ്രൗണ്ടിന് അനുയോജ്യമല്ല എന്ന് തെളിയുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായതിനു ശേഷമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതി അനുയോജ്യമായ മറ്റൊരു സ്ഥലത്ത് പ്രാവർത്തികമാക്കുകയും പരാമർശ സ്ഥലത്ത് ഭവന നിർമ്മാണ പദ്ധതി നടന്നുകൊണ്ടിരിക്കുകയുമാണെന്നാണ് നഗരസഭയുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. സ്ഥലം വാങ്ങുന്നതിനുമുൻപേ പദ്ധതിയ്ക്ക് അനുയോജ്യമാണോ എന്ന് പരിശോധിച്ചിരുന്നുവെങ്കിൽ ഇത്തരമൊരു സ്ഥിതി സംജാതമാകുമായിരുന്നില്ല. ഇക്കാര്യത്തിൽ ആദ്യം ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥലപരിശോധന നടത്തേണ്ടതായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചയുണ്ടാകാതെ ശ്രദ്ധിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു. വിനിയോഗിക്കപ്പെട്ട തുക ഉപയോഗപ്രദമായി എന്ന് സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ നിന്നും ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.14.2 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി കൊണ്ട് 12-8-2014-ന് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ടിന്റെ എൽ.എഫ്.എം.19/1053/2013(1) കത്തു പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.14.3 ബഹു. സമിതിയുടെ ശിപാർശയനുസരിച്ച് ഈ കാര്യാലയത്തിലെ 12-8-2014-ലെ എൽ.എഫ്.എം.19/1053/13/(1) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ട് പുനരഭിപ്രായം നഗരസഭയെ അറിയിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 88</u>

**ശിപാർശ**

3.15.1 പ്രാദേശിക വൈദ്യുതീകരണം, പട്ടിക ജാതി ഗുണഭോക്തൃ പദ്ധതി എന്നിവയുടെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലും കേരള വാട്ടർ അതോറിറ്റിയിലും നഗരസഭ നിക്ഷേപിച്ച തുക ഉപയോഗിച്ച് പദ്ധതി പൂർത്തീകരിച്ചതായാണ് സർക്കാർ മറുപടി നൽകിയിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയെ ഏല്പിച്ച ശുദ്ധജലവിതരണ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നഗരസഭ ആവശ്യപ്പെട്ടിട്ടും വൈദ്യുതി ബോർഡ് വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയും വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഈ പദ്ധതിയിൻ കീഴിലുള്ള വൈദ്യുതീകരണത്തിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ് അടിയന്തരമായി നൽകണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ കെ.എസ്.ഇ.ബി. പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വൈദ്യുതി ബോർഡിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിൽ ഇനിയും കാലതാമസം വരുന്നപക്ഷം മോണിറ്ററിംഗ് സമിതിയിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ആവശ്യപ്പെടണമെന്നും ആയത് ലഭ്യമായതിനുശേഷം ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.15.2 പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ് കെ.എസ്.ഇ.ബി.യിൽനിന്നും 11-11-2014-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.15.3 വൈദ്യുതി ബോർഡിൽനിന്നും വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധിച്ചു.

<u>ഖണ്ഡിക നമ്പർ 91</u>

**ശിപാർശ**

3.16.1 അങ്കണവാടി കെട്ടിട നിർമ്മാണത്തിന് 1,74,000 രൂപയുടെ സാങ്കേതികാനുമതിയുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ പ്രവൃത്തിയ്ക്ക് 43,500 രൂപ മൊബിലൈസേഷൻ അഡ്വാൻസായി അനുവദിച്ചതിൽ പാർട്ട് ബിൽ സമർപ്പിച്ച വേളയിൽ 21,841 രൂപ തിരികെ ഈടാക്കിയിട്ടുള്ളതായി സമിതിയ്ക്ക് ബോധ്യമാകുന്നു. അങ്കണവാടി കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടും കൺവീനർ അന്തിമ ബിൽ സമർപ്പിക്കുകയോ ടിയാന് ലഭിക്കുവാനുള്ള ബാക്കിയുള്ള തുക അവകാശപ്പെടുകയോ ചെയ്തിട്ടില്ല. തത്ഫലമായാണ് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ബാക്കിവന്ന തുക ഈടാക്കുവാൻ കഴിയാത്തതെന്ന് സമിതി നിരീക്ഷിക്കുന്നു. പാർട്ട് ബില്ലിലെ മൂല്യനിർണ്ണയത്തിൽ ഉൾപ്പെടാത്ത എസ്റ്റിമേറ്റ് ഇനങ്ങളായ വാതിൽ/ജനൽ സ്ഥാപിക്കൽ, നിലം, സാനിറ്റേഷൻ വർക്ക്, പെയിന്റിംഗ് എന്നിവ പൂർത്തീകരിച്ച് അംഗൻവാടി പ്രവർത്തിച്ചുവരുന്നതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ അളവ് പുസ്തകത്തിൽ അളവുകളോ മൂല്യനിർണ്ണയമോ രേഖപ്പെടുത്തിയിട്ടില്ല. ഈ കെട്ടിടനിർമ്മാണത്തിൽ രേഖകളുടെ അഭാവമുണ്ടെങ്കിലും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് സമിതി അനുമാനിക്കുന്നു. ആയതിനാൽ, കെട്ടിടനിർമ്മാണം സംബന്ധിച്ച് മൂല്യനിർണ്ണയം നടത്തി, അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയും നടപടി ക്രമങ്ങൾ പൂർത്തിയാക്കിയും റിപ്പോർട്ട് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.16.2 അങ്കണവാടി കെട്ടിട നിർമ്മാണം മൂല്യനിർണ്ണയം നടത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. കൺവീനർക്ക് അഡ്വാൻസ് നൽകിയതിനേക്കാൾ 3684.76 രൂപയുടെ പ്രവൃത്തി അധികം ചെയ്തതായി മൂല്യനിർണ്ണയം നടത്തിയതിൽ കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് 18-9-2014-ന് നഗരസഭയിൽ പരിശോധന നടത്തിയിട്ടുള്ളതാണ് എന്ന വിവരം അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.16.3 അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തി മൂല്യനിർണ്ണയം നടത്തി അളവു പുസ്തകം 20/2004-ലെ പേജ് 69-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിക്ക് മൊത്തം 1,21,972 രൂപയുടെ മൂല്യം കണക്കാക്കിയിട്ടുണ്ട്. മുൻകൂർ തുകയേക്കാൾ 3,685 രൂപയുടെ അധിക പ്രവൃത്തി കൺവീനർ ചെയ്തതായി മുനിസിപ്പൽ എഞ്ചിനീയർ പ്രവൃത്തി സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം 28-4-2014-ലെ 5(ബി) നമ്പർ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ യോഗം ശരിവയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 98</u>

ശിപാർശ

3.17.1 നഗരസഭ യു.പി.എ. ഫണ്ടിലേയ്ക്ക് അടവാക്കുവാനുണ്ടായിരുന്ന 7,54,968 രൂപയിൽ 5,19,885 രൂപ അടവാക്കിയിട്ടുള്ളതായും ശേഷിക്കുന്ന തുക കൂടി അടവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അവശേഷിക്കുന്ന തുകകൂടി അടിയന്തരമായി ഫണ്ടിലേയ്ക്ക് അടയ്ക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.17.2 2,35,083 രൂപ 19-3-2014 തീയതിയിലെ 722362 നമ്പർ ചെക്കുപ്രകാരം യു.പി.എ. ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.17.3 വൗച്ചർ നം. 21301708 തീയതി 19-3-2014 ചെക്ക് നമ്പർ 722362 തീയതി 19-3-2014 എന്നിവ പ്രകാരം അടയ്ക്കാൻ ശേഷിക്കുന്ന 2,35,083 രൂപ ഒടുക്കിയതായി ബോധ്യപ്പെട്ടു.

<u>ഖണ്ഡിക നമ്പർ 100</u>

**ശിപാർശ**

3.18.1 ഓഡിറ്റ് പരാമർശത്തിലെ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് ആദ്യം നൽകിയ വിനിയോഗ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്താത്തതിനാൽ തുകകൂടി ഉൾപ്പെടുത്തിയ

വിനിയോഗ സർട്ടിഫിക്കറ്റ് 19-7-2010-ന് ലഭിക്കുകയും ആയത് ഓഡിറ്റിന്റെ പരിശോധനയ്ക്ക് നൽകുകയും ചെയ്തിട്ടുള്ളതായി സമിതിയ്ക്ക് ബോധ്യമാകുന്നു. ടി സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.18.2 സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.18.3 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ളതാണ്. സമിതിയുടെ ശിപാർശ പ്രകാരം തടസ്സം ഒഴിവാക്കിയതിനാൽ പരാമർശത്തിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 109, 110</u>

**ശിപാർശ**

3.19.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 4.23.3 പ്രകാരം 20 മരാമത്ത് പ്രവൃത്തികൾക്ക് കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസായി 13,20,750 രൂപ നൽകിയെങ്കിലും പണി ആരംഭിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല എന്നതാണ് ഓഡിറ്റിന്റെ നിരീക്ഷണം. പരാമർശത്തിലെ 20 മരാമത്ത് പ്രവൃത്തികളിൽ 12 എണ്ണം പബ്ലിക് വർക്കുകളും 8 എണ്ണം പട്ടികജാതി ഭവനനിർമ്മാണ പദ്ധതികളുമാണ്. ഈ പ്രവൃത്തികൾ സംബന്ധിച്ച മിക്ക ഫയലുകളും ലഭ്യമല്ല എന്നാണ് സർക്കാർ മറുപടികളിൽ നിന്നും സമിതി മനസ്സിലാക്കുന്നത്.

3.19.2 പ്രസ്തുത പ്രവൃത്തികളിലെ വിഷ്ണുപ്പാടം റോഡ് ഒന്നാം ഘട്ടം നിർമ്മാണം, ഇല്ലത്തു പറമ്പ് റോഡ് സോളിംഗ് മെറ്റലിംഗ്, പൂക്കയിൽ ചെനപ്പുള്ളി ചെമ്പ്ര റയിൽവേ ലൈൻ റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട മൂന്നു ഫയലുകളും ലഭ്യമായിട്ടില്ല എന്ന് തെളിവെടുപ്പ് യോഗത്തിൽ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത ഫയലുകളില്ലെങ്കിലും ക്യാഷ് ബുക്കുകൾ പരിശോധിച്ച് പേയ്മെന്റ് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചുവരികയാണെന്നും അറിയിച്ചിരുന്നു. മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയിൽ 4,000 രൂപ ഈടാക്കിയതിന്റെ രേഖപ്പെടുത്തൽ കണ്ടെത്തിയതായും സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നു. ഫയലുകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു മാസത്തെ സാവകാശം ആവശ്യമാണെന്ന് അറിയിച്ചതിനെ തുടർന്ന്

ഒരു മാസത്തെ സമയം അനുവദിച്ചുവെങ്കിലും ഇതു സംബന്ധിച്ച യാതൊരു മറുപടിയും സമിതിക്കോ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോ ലഭ്യമാക്കിയിട്ടില്ല. സമിതി മുമ്പാകെ ഹാജരാകുന്ന ഉദ്യോഗസ്ഥർ സമിതിയ്ക്ക് നൽകുന്ന ഉറപ്പുകൾ പാലിക്കാത്തത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയെ അതീവ ഗൗരവത്തോടെയാണ് സമിതി വീക്ഷിക്കുന്നത്. ആയതിനാൽ, ഇത്തരം വീഴ്ചകൾക്കെതിരെ ഭരണ വകുപ്പ് കർശനനടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മേൽ പ്രസ്താവിച്ച മൂന്ന് നിർമ്മാണ പ്രവർത്തികളുടെയും ഫയലുകളും അളവു പുസ്തകവും കണ്ടെത്തി പ്രവർത്തികളുടെ പൂർത്തീകരണം, മൊബിലൈസേഷൻ അഡ്വാൻസ് ഈടാക്കൽ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്നും മൊബിലൈസേഷൻ അഡ്വാൻസ് തിരികെ പിടിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.19.3 1. <u>വിഷ്ണുപ്പാടം റോഡ് ഒന്നാം ഘട്ട നിർമ്മാണം:</u>—മേൽ പ്രവൃത്തിയുടെ ഫയൽ കണ്ടെത്താത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ബിൽ നൽകിയിട്ടുള്ള ക്യാഷ് ബുക്കും അനുബന്ധ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്.

2. <u>ഇല്ലത്ത് പറമ്പ് റോഡ് സോളിംഗ്, മെറ്റലിംഗ്:</u>—പ്രസ്തുത പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധിച്ചതിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുക 31-3-2002-ലെ 115/3-2002 നമ്പർ വൗച്ചർ പ്രകാരം ഈടാക്കിയിട്ടുണ്ട്. ആയത് പരിശോധനക്കായി 23-12-2014 തീയതിയിലെ എ 3.23038/13 കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

3. <u>പൂക്കയിൽ ചെനപ്പള്ളി ചെമ്പ്ര റയിൽവേ ലൈൻ റോഡ്:</u>—പ്രസ്തുത വർക്കിന്റെ അളവു പുസ്തകം പരിശോധിച്ചതിൽ 12-6-2000-ലെ 66/2000 നമ്പർ വൗച്ചർ പ്രകാരം 1-ാം ഭാഗിക ബില്ലിൽ നിന്ന് 41,860 രൂപ മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചു പിടിച്ചിട്ടുണ്ട്. ആയത് 23-12-2014 തീയതിയിലെ എ 3.23038/13 കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.19.4 1. <u>വിഷ്ണുപ്പാടം റോഡ് ഒന്നാം ഘട്ടം:</u>—ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 30-6-1998-ന് വൗച്ചർ നം. 145/6-98 പ്രകാരം 46,806 രൂപ ഒന്നാം പാർട്ട് ബിൽ നൽകിയതായി കാണുന്നു.

2. <u>ഇല്ലത്ത് പറമ്പ് റോഡ് സോളിംഗ്, മെറ്റലിംഗ്</u>:—പ്രസ്തുത പ്രവൃത്തിയുടെ അളവു പുസ്തകം നം. 7/99/00-ന്റെ പേജ് 100, 101 എന്നിവയിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ 31-3-2002-ലെ 115/3-2002 നമ്പർ വൗച്ചർ പ്രകാരം മൊബി. അഡ്വാൻസ് തുകയായ 47,000 രൂപ ഈടാക്കിയതായി ബോധ്യപ്പെട്ടു.

3. <u>പൂക്കയിൽ ചെനപ്പള്ളി ചെമ്പ്ര റെയിൽവേ ലൈൻ റോഡ്</u>:—പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് നം. 7/99-2000-ന്റെ പേജ് 54, 55 എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 12-6-2000-ലെ 66/6-00 നമ്പർ വൗച്ചർ പ്രകാരമുള്ള 1-ാം പാർട്ട് ബില്ലിൽ നിന്ന് മൊബി. അഡ്വാൻസ് തുകയായ 46,000 രൂപയിൽ 41,860 രൂപ തിരിച്ചു പിടിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 111</u>

**ശിപാർശ**

3.20.1 ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം, കാഞ്ഞിരക്കുണ്ട് നടപ്പാത, കാളിയേക്കൽ റോഡ് സോളിംഗ്, മെറ്റലിംഗ് എന്നീ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക മുഴുവനും ഈടാക്കുകയും ചെയ്തിട്ടുണ്ടെന്ന സർക്കാർ മറുപടി ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഉന്നയിച്ച തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.20.2 സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.20.3 മൊബിലൈസേഷൻ അഡ്വാൻസ് തുക ഈടാക്കിയിട്ടുണ്ട്. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 112</u>

**ശിപാർശ**

3.21.1 കോസ്റ്റ് ഫോർഡ് ഏറ്റെടുത്ത് ആരംഭിച്ച താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഓഡിറ്റ് തടസ്സം ഉന്നയിച്ച 1,50,000 രൂപ ഉൾപ്പെടെ 6,00,000 രൂപ ആകെ നൽകിയതായി സമിതി

മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം പ്രവൃത്തി പൂർത്തീകരിക്കാതെ പിൻവാങ്ങിയതിനാൽ മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുക കിഴിച്ച് ബാക്കിവന്ന തുക തിരിച്ചടവാക്കിയതായി സമിതി മനസ്സിലാക്കുന്നു. കരാർ വ്യവസ്ഥപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാത്ത കോസ്റ്റ് ഫോർഡിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം നഗരസഭ അധികമായി നൽകിയ തുക തിരിച്ചടവാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.21.2 സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.21.3 തുക തിരിച്ചടവാക്കിയിട്ടുണ്ട്. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 114</u>

**ശിപാർശ**

3.22.1 ഏഴൂർ ഗവ: എച്ച്.എസ്. കെട്ടിട നിർമ്മാണം, കുറുക്കൻകുന്ന് മിനി വാട്ടർ സപ്ലൈ സ്കീം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് തിരികെ ഈടാക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തെന്ന നഗരസഭയുടെ വിശദീകരണം പരിശോധിച്ച് ബോധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ, പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.22.2 സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.22.3 അഡ്വാൻസ് തിരിച്ചടവാക്കി. പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നടപടികൾ അവസാനിപ്പിക്കാവുന്നതാണ്. തടസ്സം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 116

**ശിപാർശ**

3.23.1 ജെ.എം.എച്ച്.എസ്സിനു മുന്നിലൂടെയുള്ള ഡ്രെയിൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിവരുന്നതായി തെളിവെടുപ്പ് വേളയിൽ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. 35,000 രൂപ അഡ്വാൻസ് നൽകിയതിൽ 30-12-2010 വരെ 24,514 രൂപ അടച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അവശേഷിക്കുന്ന തുക ഈടാക്കിയതു സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യുവാനും തുക പലിശ സഹിതം ഈടാക്കുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.23.2 30-12-2010-നുശേഷം 1-3-2012 വരെ 16352 രൂപ കൂടി ഈടാക്കിയിട്ടുണ്ട്. ഇതടക്കം അഡ്വാൻസ് തുക 35,000 രൂപയും 5,866 രൂപ പലിശ ഇനത്തിലും അടവാക്കിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധനയ്ക്കായി 23-12-2014 തീയതിയിലെ എ 3.23038/13 കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.23.3 PW1-9843/99 നമ്പർ ഫയൽ പരിശോധിച്ചതിൽ, അഡ്വാൻസ് തുക 35,000 രൂപയും പലിശയിനത്തിൽ 5866 രൂപയും ഈടാക്കിയതായി ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 117

**ശിപാർശ**

3.24.1 പട്ടികജാതി ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് എട്ട് കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകി ഏറ്റെടുത്ത് പ്രവൃത്തികളെ സംബന്ധിക്കുന്ന മിക്ക ഫയലുകളും കണ്ടെത്താനായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇവയിൽ കൺവീനർമാരായ ശ്രീ. മണികണ്ഠൻ, ശ്രീ. നാരായണൻ എന്നിവർക്ക് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിച്ചത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച്

ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള ആറ് കൺവീനർമാർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചതു സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത ആറ് കൺവീനർമാർക്ക് നൽകിയ മുൻകൂറുകൾ തിരിച്ചടവാക്കിയതോ ക്രമീകരിച്ചതോ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കി ആയതു സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.24.2 പട്ടികജാതി ഭവന നിർമ്മാണത്തിന് 8 കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ ഉണ്ടായിരുന്നതിൽ കൺവീനർമാരായ ശ്രീ. മണികണ്ഠൻ, ശ്രീ. നാരായണൻ എന്നിവർക്ക് അഡ്വാൻസ് നൽകിയത് ക്രമീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുള്ളതും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 18-ാമത് റിപ്പോർട്ടിൽ ആയത് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

കൺവീനറായ ശ്രീ. രാമദാസിനു നൽകിയ 50,000 രൂപ 6-6-1998 തീയതിയിലും ക്രമീകരിച്ചത്, ശ്രീ. കെ. പി. ശിവദാസിന് മുൻകൂർ നൽകിയ 35000 രൂപയും 26-3-1999 തീയതിയിലും ക്രമീകരിച്ചത്, ശ്രീ. എൻ. എം. ബക്ഷിന് മുൻകൂർ നൽകിയ 50,000 രൂപ 26-3-1999, 31-3-1999 എന്നീ തീയതികളിലും ശ്രീ. സണ്ണി ടി ഐപ്പച്ചന് മുൻകൂർ നൽകിയ 50,000 രൂപ, 24-3-1999 തീയതിയിലും ക്രമീകരിച്ചതായുള്ള ഫയലുകൾ കണ്ടെത്തുകയും ആയത് പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിലേയ്ക്ക് 23-12-2014 തീയതിയിലെ എ 3.23038/13 നമ്പർ കത്തു പ്രകാരം അയച്ചു നൽകിയിട്ടുണ്ട്. ശ്രീ. ടി. ശിവദാസന് അഡ്വാൻസ് നൽകിയതു സംബന്ധിച്ച ഫയലുകൾ പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തതിനാൽ മുൻകൂറുകൾ ക്രമീകരിച്ച ക്യാഷ് ബുക്കുകളും അനുബന്ധ രജിസ്റ്ററുകളുടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.24.3 അവശേഷിക്കുന്ന 6 കൺവീനർമാരിൽ നിന്നും തുക ഈടാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

1. ശ്രീ. രാമദാസിന് 17-4-1998-ന് കൊടുത്ത മുൻകൂർ തുക 50,000 6-6-1998-ലെ വൗച്ചർ നമ്പർ 79/98-99 പ്രകാരം ക്രമീകരിച്ചിട്ടുള്ളതായി ഫയൽ നമ്പർ P2-4811/98 പരിശോധിച്ച് ബോധ്യപ്പെട്ടു.

2. ശ്രീ. കെ. പി. ശിവദാസിന് 18-3-1999-ന് അനുവദിച്ച മുൻകൂർ തുക 35,000 രൂപ 26-3-1999-ലെ വൗച്ചർ നമ്പർ 363/98-99 പ്രകാരം ക്രമീകരിച്ചിട്ടുള്ളതായി ഫയൽ നമ്പർ TP3946/99 പരിശോധിച്ച് ബോധ്യപ്പെട്ടു.

3. ശ്രീ. എൻ. എം. ബക്ഷിന് 12-3-1999-ന് അനുവദിച്ച മുൻകൂർ തുക 50,000 രൂപ 31-3-1999-ലെ വൗച്ചർ നമ്പർ 406/98-99 പ്രകാരം പൂർണ്ണമായി ക്രമീകരിച്ചതായി ഫയൽ നമ്പർ TP 3349/99 പരിശോധിച്ച് ബോധ്യപ്പെട്ടു.

4. ശ്രീ. സണ്ണി ടി. ഐപ്പച്ചന് 12-3-1999-ന് അനുവദിച്ച 50,000 രൂപയുടെ മുൻകൂർ 24-3-1999-ലെ വൗച്ചർ നമ്പർ 352/98-99 പ്രകാരം ക്രമീകരിച്ചതായി TP-3726/99 എന്ന ഫയൽ പരിശോധിച്ച ബോധ്യപ്പെട്ടു.

5. ശ്രീ. ടി. ശിവദാസന് 7-3-1998-ന് നൽകിയ 50,000 രൂപയുടെ മുൻകൂർ തുക 31-3-1998-ലെ വൗച്ചർ നമ്പർ 135/3-98 പ്രകാരം ക്രമീകരിച്ചതായി തനത് ഫണ്ടിന്റെ ക്യാഷ് ബുക്ക് പരിശോധിച്ച ബോധ്യപ്പെട്ടു.

6. ശ്രീ. ടി. ശിവദാസിന് 17-4-1998-ന് അനുവദിച്ച 17,500 രൂപയുടെ മുൻകൂർ 16-5-1998-ലെ വൗച്ചർ നമ്പർ 37/98-99 പ്രകാരം ക്രമീകരിച്ചതായി പ്ലാൻ ഫണ്ട് ക്യാഷ് ബുക്ക് പരിശോധിച്ച ബോധ്യപ്പെട്ടു.

മുൻകൂറുകൾ ക്രമീകരിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 120

**ശിപാർശ**

3.25.1 കേരള പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സ്ഥാപനങ്ങൾ വാങ്ങലും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം എസ്റ്റിമേറ്റ് നിരക്കിന്റെ 3.5% അല്ലെങ്കിൽ 3.5 ശതമാനത്തിന്റെ 2/3 എന്ന നിരക്കിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് കൺസൾട്ടൻസി ഫീസ് നൽകാൻ വ്യവസ്ഥയുണ്ടെന്നും ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിരക്കനുസരിച്ച് സ്വകാര്യ ആർക്കിടെക്ടിന് പ്രതിഫലം നൽകിയതെന്നും ആയതിന് നഗരസഭയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നുമാണ് ഓഡിറ്റ് പരാമർശം സംബന്ധിച്ച് നഗരസഭ നൽകിയ വിശദീകരണം. എന്നാൽ സ്വകാര്യ കൺസൾട്ടൻസികൾക്ക് 3.5 ശതമാനത്തിന്റെ 2/3 ഭാഗത്തിലധികമാകരുതെന്ന് നിർദ്ദേശമുള്ളതായാണ് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ. പരാമർശവിധേയമായ പ്രവൃത്തിയുടെ കൺസൾട്ടന്റിന് 3.5 ശതമാനം ഫീസ് നൽകുന്നതിന് നഗരഭാ കൗൺസിലിന്റെ തീരുമാനവും നഗരകാര്യ ഡയറക്ടറുടെ

അംഗീകാരവും ലഭ്യമാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന നിരക്കിലുള്ള പേമെന്റുകൾ അനുവദിക്കുന്നതിനു മാത്രമേ നഗരസഭയ്ക്കും ഡയറക്ടർക്കും അധികാരമുള്ളൂവെന്ന കാര്യം സമിതി പ്രത്യേകം പറയുവാൻ ആഗ്രഹിക്കുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകരുതെന്ന അഭിപ്രായത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.25.2 സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.25.3 സമിതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 126</u>

**ശിപാർശ**

3.26.1 ടൗൺ ഹാളിൽ ജനറേറ്റർ സ്ഥാപിക്കുവാൻ തീരുമാനമെടുത്ത നഗരസഭ, ആയതിനുള്ള പ്രാഥമിക സൗകര്യമൊരുക്കാതെ, ആദ്യമായി 3,45,430 രൂപ നൽകി ജനറേറ്റർ വാങ്ങുകയാണ് ചെയ്തത്. ജനറേറ്റർ സ്ഥാപിക്കുവാനുള്ള മുറിയുടെ നിർമ്മാണം പൂർത്തിയാക്കുവാൻ വീണ്ടും ഇരുപതുമാസം ആവശ്യമായി വന്നതായും ഇതിനായി 1,02,923 രൂപ ചെലവായതായും കാണുന്നു. വൈദ്യുതീകരണ പ്രവൃത്തിക്കും ഇൻസ്റ്റലേഷനുമായി 67,945 രൂപ വീണ്ടും ചെലവഴിച്ച നഗരസഭ ഈ പദ്ധതിക്കായി ആകെ 5,16,298 രൂപ ചെലവഴിച്ചു. എന്നാൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും അനുമതി നേടിയെടുക്കുന്നതിൽ നഗരസഭ ശുഷ്കാന്തി കാട്ടാത്തതിന്റെ ഫലമായി പത്തുവർഷത്തോളം പദ്ധതിയുടെ പ്രയോജനം ലഭ്യമാകാതെ പോയി. പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കാത്തതാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകാതെ പോയതിന് കാരണമെന്ന് സമിതി വിലയിരുത്തുന്നു. ജനറേറ്റർ പ്രവർത്തിപ്പിക്കുവാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും അനുമതി ലഭിക്കുവാനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുവാൻ നഗരസഭയ്ക്കായിട്ടില്ല. പദ്ധതി നടത്തിപ്പിൽ നഗരസഭയുടെ ഭാഗത്തുനിന്നും സമയോചിതമായ നടപടികളുടെ അഭാവമുണ്ടായി എന്ന ഓഡിറ്റ് നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. സമിതിയുടെ തെളിവെടുപ്പ് യോഗത്തിലെ നിർദ്ദേശത്തിന്റെ

വെളിച്ചത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം ഇപ്പോൾ ജനറേറ്റർ തൃപ്തികരമായി പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.26.2 സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.26.3 ഇപ്പോൾ ജനറേറ്റർ പ്രവർത്തനക്ഷമമാണ്. സമിതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 133</u>

**ശിപാർശ**

3.27.1 വനിതാ വ്യവസായകേന്ദ്രം ആരംഭിക്കുന്നതിനായി പണികഴിപ്പിച്ച നാലു മുറികൾ ഉള്ള ഇരുനില കെട്ടിടം ലക്ഷ്യം കൈവരിച്ചിട്ടില്ല. ലക്ഷ്യമിട്ട പദ്ധതിക്കു കെട്ടിടം പ്രയോജനപ്പെടാത്ത സാഹചര്യത്തിൽ അങ്കണവാടി, ഡിസ്പെൻസറി എന്നിവപോലെയുള്ള ജനോപകാരപ്രദമായ സ്ഥാപനങ്ങൾക്ക് കെട്ടിടം നൽകി ഉപയുക്തമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.27.2 സമിതി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.27.3 കെട്ടിടം ഉപയുക്തമാക്കിയിട്ടുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 134</u>

**ശിപാർശ**

3.28.1 പദ്ധതി വിഭാവനം ചെയ്ത പ്രകാരമുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ 65% പൂർത്തീകരിച്ചിട്ട് റെയിൽവേയുടെ അനുമതി ലഭിക്കാതെ പോയതിനാൽ പദ്ധതി

റദ്ദുചെയ്തതായാണ് സമിതി മനസ്സിലാക്കുന്നത്. റെയിൽവേയുടെ അറിവോടും സമ്മതത്തോടും ദ്രുതകർമ്മസേനയുടെ സഹായത്തോടെയുമാണ് പ്രവൃത്തി നടന്നതെങ്കിലും രേഖാമൂലമുള്ള അനുമതി വാങ്ങിയിരുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. ഈ പദ്ധതിയോടൊപ്പം വിഭാവനം ചെയ്തിരുന്ന പാർക്കിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് നഗരസഭയും റെയിൽവേയും തമ്മിലുള്ള അഭിപ്രായവ്യത്യാസമാണ് നിരവധിയാളുകൾക്ക് പ്രയോജനപ്രദമാകുമായിരുന്ന പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കുന്നതിലേയ്ക്ക് വഴിതെളിച്ചത്. നഗരസഭയും റെയിൽവേ അധികൃതരും ചർച്ച ചെയ്ത് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്നവിധത്തിൽ പദ്ധതി പൂർത്തീകരിക്കണമെന്നും പാർക്ക് അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരം പ്രോജക്ട് റദ്ദുചെയ്തതിനാലാണ് കരാറുകാരൻ പണി പൂർത്തിയാക്കാത്തതെന്നും കരാറുകാരന് നൽകിയ തുകയ്ക്കുള്ള പ്രവൃത്തി ചെയ്തിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.28.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 18-ാമത് റിപ്പോർട്ടിൽ പ്രസ്തുത പരാമർശം ഒഴിവാക്കിയിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.28.3 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2011-2014)യുടെ 18-ാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

## <u>അദ്ധ്യായം IV</u>

## സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ നാളിതുവരെ മറുപടി സമർപ്പിക്കാത്തതും സമിതി ആവർത്തിക്കുന്നതുമായ ശിപാർശകൾ

<u>ഖണ്ഡിക നമ്പർ 11</u>

**ശിപാർശ**

4.1 കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ വിവിധ മരാമത്ത് പണികളുമായി ബന്ധപ്പെട്ട് ടാറിംഗിന് കരാറുകാർക്ക് ലാഭകരമായി അധികരിച്ച നിരക്ക് നൽകി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച്, 30% അധിക നിരക്ക് ടാറിംഗിന് നൽകിയപ്പോൾ, ടാർ, റോളർ എന്നിവ ഡിപ്പാർട്ടുമെന്റ് മെറ്റീരിയൽസ് ആയി കണക്കാക്കി, അവയുടെ ഷെഡ്യൂൾ

നിരക്കിലെ വില കുറച്ചശേഷമുള്ള തുകയ്ക്കാണ് അധികരിച്ച നിരക്ക് നൽകിയതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ടി ഇനങ്ങൾക്ക് വിപണിനിരക്ക് ഈടാക്കാനിരുന്ന നഗരസഭയുടെ നടപടിയിൽ തെറ്റില്ലെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് ഖണ്ഡികയിലെ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 13

**ശിപാർശ**

4.2 മൈതാനി-പിണങ്ങോട് റോഡുപണിക്ക്, ഫില്ലിംഗിന് പ്രസ്തുത പ്രദേശത്തു നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ ഗുണമേന്മയില്ലായ്മയെക്കുറിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും ഓഡിറ്റിന്റെ കണ്ടെത്തലിനെത്തുടർന്ന് ആയത് രേഖപ്പെടുത്തിയിട്ടുണ്ടെന്നും എഞ്ചിനീയർ വിശദീകരിച്ചു. എഞ്ചിനീയറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നടത്തിയ പരിശോധനയിൽ അക്കാര്യം ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ, ഓഡിറ്റ് ഖണ്ഡികകയിലെ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2021 ആഗസ്റ്റ് 10.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## അനുബന്ധം

### പ്രധാന നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.5 | തദ്ദേശസ്വയംഭരണം | ചെമ്പൻകുന്ന് റോഡ് ടാറിംഗിന് ടാർ നൽകിയതു വഴി നഗര സഭയ്ക്കുണ്ടായ നഷ്ടതുക തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കുവാനും ശ്രീ. കെ. സി. ജോസഫ്, മുനിസിപ്പൽ സെക്രട്ടറി (റിട്ട.) ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.4 | ” | സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് അംഗീകരിക്കുന്നതോടൊപ്പം നികുതിയിനത്തിൽ അവശേഷിക്കുന്ന തുക പിരിച്ചെടുക്കാത്ത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഭാവിയിൽ കുടിശ്ശിക വരാതെ സമയബന്ധിതമായി നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 3 | 2.3.4 | ” | നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ ശ്രീ. കെ. വിജയകുമാറിൽനിന്ന് ബാധ്യത തുകയായ 30,000 തിരിച്ചുപിടിച്ച് ആയത് സംബന്ധിച്ച നടപടി റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | 2.4.4 | ” | ട്രാക്ടറിന്റെ വില നിർണ്ണയം നടത്തി സമിതി നിർദ്ദേശം പാലിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.5.4 | തദ്ദേശസ്വയംഭരണം | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിക്കാത്തതിനാൽ നഗരസഭയ്ക്ക് കോസ്റ്റ്ഫോർഡ് നൽകാനുണ്ടായിരുന്ന തുക തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാനും തിരിച്ചടച്ചിട്ടില്ലെങ്കിൽ തുക തിരിച്ച് പിടിക്കാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 2.6.4 | തദ്ദേശസ്വയംഭരണം | മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക കൺവീനറിൽ നിന്നും പലിശ സഹിതം തിരിച്ചു പിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 4.1 | " | കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ വിവിധ മരാമത്തു പണികളുമായി ബന്ധപ്പെട്ട് ടാറിംഗിന് കരാറുകാർക്ക് ലാഭകരമായി അധികരിച്ച നിരക്കു നൽകി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച്, 30% അധിക നിരക്ക് ടാറിംഗിന് നൽകിയപ്പോൾ, ടാർ, റോളർ എന്നിവ ഡിപ്പാർട്ടുമെന്റ് മെറ്റീരിയൽസ് ആയി കണക്കാക്കി, അവയുടെ ഷെഡ്യൂൾ നിരക്കിലെ വില കുറച്ചശേഷമുള്ള തുകയ്ക്കാണ് അധികരിച്ച നിരക്ക് നൽകിയതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ടി ഇനങ്ങൾക്ക് വിപണിനിരക്ക് ഈടാക്കാനിരുന്ന നഗരസഭയുടെ നടപടിയിൽ തെറ്റില്ലെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് ഖണ്ഡികയിലെ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 4.2 | " | മൈതാനി-പിണങ്ങോട് റോഡുപണിക്ക്, ഫില്ലിംഗിന് പ്രസ്തുത പ്രദേശത്തു നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ ഗുണമേന്മയില്ലായ്മയെക്കുറിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും ഓഡിറ്റിന്റെ കണ്ടെത്തലിനെത്തുടർന്ന് ആയത് രേഖപ്പെടുത്തിയിട്ടുണ്ടെന്നും എഞ്ചിനീയർ വിശദീകരിച്ചു. എഞ്ചിനീയറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നടത്തിയ പരിശോധനയിൽ അക്കാര്യം ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ, ഓഡിറ്റ് ഖണ്ഡികകയിലെ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |